# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:991.

05.02.2020-ലെ മറുപടി

### കുട്ടനാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | കുട്ടനാട് മണ്ഡലം രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്; കുട്ടനാട്ടിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിഫ്ബി-2017-18-ൽ ഉൾപ്പെടുത്തിയ കുട്ടനാട് കുടിവെള്ള പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും 289.54 കോടി രൂപയുടെ ധനസഹായ അനുമതി ലഭിച്ചിട്ടുണ്ട്. നീരേറ്റുപുറത്ത് പ്രതിദിനം 30 ദശലക്ഷം ലിറ്റർ ഉത്പാദന ശേഷിയുള്ള ശുദ്ധീകരണ ശാലയും, പമ്പാ നീരേറ്റുപുറത്ത് 120 HP മോട്ടർ ഘടിപ്പിച്ച പമ്പ് ഹൗസും കുട്ടനാട് താലൂക്കിൽ വരുന്ന 13 പഞ്ചായത്തുകൾക്ക് ഓരോ ഉന്നതതല ജലസംഭരണിയും, 894 കി.മീ. ദൈർഘ്യം വരുന്ന ജല വിതരണ ശൃംഖലയും 45 കി.മീ. ശുദ്ധജല പമ്പിംഗ് മെയിനുകളും ആണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇപ്പോൾ നിലവിലുള്ള പ്രതിദിന വിഹിതമായ 14 ദശലക്ഷം ലിറ്ററിന് പുറമേയാണ് 30 ദശലക്ഷം ലിറ്റർ ലഭ്യമാവുക.<br>മേൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഘടകങ്ങളുടെ നിർമ്മാണത്തിന് വേണ്ടി നിലം നികത്തി (wet land) കരഭൂമിയാക്കി മാറ്റുവാനുള്ള |
| (ബി) | പ്രസ്തുത കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് 2017-18 ബജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |

| ചോദ്യം | | | മറുപടി |
|---|---|---|---|
| | | | നടപടികൾക്കുവേണ്ടി ബന്ധപ്പെട്ട പഞ്ചായത്തു-കൾക്ക് കത്ത് നൽകിയിട്ടുണ്ട്. ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനാവശ്യമായ മൂന്ന് നിലങ്ങളിൽ 2 നിലങ്ങൾക്ക് സ്വകാര്യ വ്യക്തികളുടെ സമ്മതപത്രം ലഭിച്ചിട്ടുണ്ട്. ഇത് കരഭൂമിയാക്കുന്നതിനു വേണ്ടി 06.12.2019 - ൽ അഗ്രികൾച്ചർ ഓഫീസർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലങ്ങളിൽ 6 എണ്ണം (തകഴി, എടത്വ, മുട്ടാർ, രാമങ്കരി, കാവാലം, തലവടി) കേരള ജല അതോറിറ്റിയുടെ കീഴിൽ ഉള്ളതാണ്. നീലംപേരൂർ പഞ്ചായത്തിലെ വാലടി കുട്ടുമ്മൽ ദേവസ്വത്തിന്റെ സ്ഥലം വിട്ടുതരുവാൻ ദേവസ്വത്തിന്റെ അനുവാദം ലഭിക്കുകയും ആയത് പുറമ്പോക്കിൽപ്പെടുത്തി സർക്കാരിൽ നിന്നും ഉത്തരവ് നൽകിയിട്ടുള്ളതാണ്. വെളിയനാട് പഞ്ചായത്തിലും പുളിങ്കുന്ന് പഞ്ചായത്തിലും സ്വകാര്യ വ്യക്തികളുടെ സമ്മതപത്രം ലഭിക്കുന്നതിന് വേണ്ട നടപടിക്കായി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. കൈനകരി പഞ്ചായത്തിന്റെയും ചമ്പക്കുളം പഞ്ചായത്തിന്റെയും പേരിലുള്ള സ്ഥലം കൈമാറാൻ വേണ്ടിയുള്ള കത്ത് നൽകിയിട്ടുണ്ട്. നെടുമുടി പഞ്ചായത്തിന്റെയും വീയപുരം പഞ്ചായത്തിന്റെയും കീഴിലുള്ള പുറംപോക്ക് ഭൂമി സംഭരണി നിർമ്മിക്കുന്നതിനു വേണ്ടി കൈമാറാനുള്ള നടപടികൾ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിലേക്കായി പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനു മുൻപായി ജലഅതോറിറ്റിയുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്തും (6 ഉന്നതതല സംഭരണികളുടെ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലത്തും) ശുദ്ധീകരണ ശാല നിർമ്മിക്കുന്ന സ്ഥലത്തും നീരേറ്റുപുറത്ത് പമ്പാനദിയിൽ raw water എടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തും മണ്ണ് പരിശോധിക്കു-ന്നതിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ കൺസൾട്ടൻസിയെ ഏൽപ്പിച്ചത-നുസരിച്ച് ലഭ്യമായ സ്ഥലങ്ങളിൽ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് - 1 ൽ ഉൾപ്പെട്ട ശുദ്ധീകരണ ശാലയും പമ്പാ നദിയിലുള്ള പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. മറ്റ് പാക്കേജുകളിൽ ഉൾപ്പെടുന്ന പി.ഡബ്ല്യു.ഡി റോഡ് റിസ്റ്റോറേഷൻ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡിയിൽ നിന്നും ലഭ്യമായിട്ടില്ല. |
| (ഡി) | കുട്ടനാട് കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കി ജനങ്ങൾ അനുഭവിക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കുട്ടനാട് കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കാനും സ്ഥല ലഭ്യത, റോഡ് മുറിക്കൽ അനുമതി തുടങ്ങിയവ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാനായുള്ള ത്വരിത നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു . |

**സെക്ഷൻ ഓഫീസർ**